**പതിനാലാം കേരളനിയമസഭ**
**പത്താം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 104** | | | **26.02.2018-ൽ മറുപടിക്ക്** |
|---|---|---|---|
| **പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ** | | | |
| ചോദ്യം<br>ശ്രീ. ജോർജ് എം. തോമസ് | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | വിദേശരാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്നവർക്കും പുതിയ തൊഴിലന്വേഷകർക്കും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കുമോ; | (എ) | വിദേശ രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്നവർക്കും പുതിയ തൊഴിലന്വേഷകർക്കും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ താഴെപ്പറയുന്നവയാണ്. നിശ്ചിത അപേക്ഷാ ഫോറത്തിൽ അപേക്ഷ തയ്യാറാക്കി 500 രൂപ അപേക്ഷ ഫീസും അപേക്ഷകന്റെ/അപേക്ഷകയുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പും രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും, പി.സി.സി.-യുടെ ആവശ്യകത വെളിവാക്കുന്ന രേഖയുടെ പകർപ്പും, പാസ്പോർട്ടിന്റെ പകർപ്പും സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. |
| (ബി) | കാലതാമസം കൂടാതെ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കാലതാമസം കൂടാതെ അപേക്ഷകർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി യു.എ.ഇ. രാഷ്ട്രങ്ങളിലേക്ക് പോകുന്നവർക്ക് പോലീസ് സ്റ്റേഷനിൽ നിന്നും നേരിട്ട് പി.സി.സി. ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ മറ്റ് സ്ഥലങ്ങളിലേക്കുള്ള പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നടപടികൾ വേഗത്തിലാക്കുന്നതിനായി ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഓഫീസിൽ Express Counter സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ